ഉത്തരം

(എ ആന്റ് ബി) റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. ആയത് ലഭിച്ചശേഷം അതിലെ നിർദ്ദേശങ്ങൾ വിലയിരുത്തി ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാവുന്നതാണ്.

അവശകലാകാരൻമാർക്ക് പെൻഷൻ

41 [2904] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനകം എത്ര അവശകലാകാരന്മാർക്ക് പുതുതായി പെൻഷൻ അനുവദിച്ചു;

(ബി) അവശകലാകാരന്മാരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ എത്ര എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 105 പേർക്ക്.

(ബി ആന്റ് സി) 208 അപേക്ഷകൾ ഇതിനായുള്ള കമ്മിറ്റിയുടെ പരിഗണനയിലാണ്.

അവശകലാകാരൻമാരുടെ പെൻഷൻ

42 [2905] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവശകലാകാരന്മാർക്ക് ഇപ്പോൾ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

പെൻഷൻ കുടിശ്ശിക ഇല്ല.

കേരളാ ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനം

43 [2906] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ സ്ഥാപിതമായ കേരളാ ഫോക്‌ലോർ അക്കാദമി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തികവർഷം എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫോക്‌ലോർ എന്ന പഠനവിജ്ഞാന മേഖലയെ ജനങ്ങളിൽ എത്തിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ അക്കാദമി നടപ്പിലാക്കിവരുന്നു. ഫോക്‌ലോർ സംബന്ധിയായ പുസ്തകങ്ങളുടെ പ്രസാധനം, നാടൻ കലകളുടെ ഡോക്യുമെന്റേഷൻ, കലാകാരൻമാർക്ക് അവാർഡുകളും ഫെലോഷിപ്പും നൽകൽ, അവശകലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകൽ, കലാഭ്യസനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകൽ, കോളേജ്/സ്കൂൾ തലത്തിൽ ഫോക്‌ലോർ ക്ലബുകൾ, ഫോക്‌ലോർ കൾച്ചറൽ മ്യൂസിയം, ജില്ലകൾ തോറും നാടൻ കലാസംഗമങ്ങൾ, ശിൽപ്പശാലകൾ, സെമിനാറുകൾ, അന്തർ സംസ്ഥാന നാടൻ കലാവിനിമയ പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ, അക്കാദമി മുഖപത്രമായ 'പൊലി'-യുടെ പ്രസിദ്ധീകരണം എന്നിവയാണ് ഇതുവരെയുള്ള പ്രധാന പ്രവർത്തനങ്ങൾ.

(ബി) കൾച്ചറൽ മ്യൂസിയം വിപുലപ്പെടുത്തൽ, ഫോക്‌ലോർ തിയേറ്റർ സ്ഥാപിക്കുവാൻ നടപടി, അക്കാദമി ഓഫീസ് നവീകരണം, സൗത്ത്സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ ആദിവാസി ജീവിതവും സംസ്കാരവും, കളരി, നാടൻ പാചകരീതികൾ എന്നിവയെ അധികരിച്ച് ശിൽപ്പശാലകൾ, വ്യത്യസ്ത ജാതിമത കൂട്ടായ്മകളെ കുറിച്ചും അവ നമ്മുടെ സമൂഹത്തിൽ വഹിച്ച പങ്കിനെക്കുറിച്ചുമുള്ള പഠനങ്ങളും സെമിനാറുകളും സംഘടിപ്പിക്കൽ എന്നിവയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ദേവസ്വം ബോർഡിൽ രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ ക്ഷേത്രങ്ങൾ

44 [2907] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: -

(എ) സംസ്ഥാനത്ത് ദേവസ്വം ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്യാത്ത എത്ര ക്ഷേത്രങ്ങളുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ക്ഷേത്രമുണ്ട്;

(സി) ക്ഷേത്രങ്ങൾക്ക് ഏതെല്ലാം വകുപ്പ് മുഖേനയാണ് ധനസഹായം നൽകുന്നത്;

(ഡി) കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് ഈ വർഷം ധനസഹായം നൽകുന്നുണ്ടെന്ന് പേര് സഹിതം വിശദീകരിക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1207 ക്ഷേത്രങ്ങളും, കൊച്ചിൻ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള ഭരണത്തിൽ 390 ക്ഷേത്രങ്ങളും കണ്ടിയൂർ സ്ഥാപനമായി 297 സ്ഥാപനങ്ങളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly